കേരള സർക്കാർ

ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

| ഡിസംബർ<br>DECEMBER 25 | 2022 |
|---|---|



ശബരിമല പത്രക്കുറിപ്പ് - 1

ഫോൺ : 04735 - 202664

www.sabarimala.kerala.gov.in, prdsabarimala2022@gmail.com

---

# സന്നിധാനത്തെ സർക്കാർ ആശുപത്രിയിൽ ഇതുവരെ ചികിത്സ തേടിയെത്തിയത് 44,484 പേർ

*** ഗുരുതരാവസ്ഥയിലെത്തിച്ച 875 പേരിൽ 851 പേരെയും രക്ഷിക്കാനായി**
***മകരവിളക്കു പ്രമാണിച്ച് കരിമലയിൽ ഒരു ഡിസ്പെൻസറി കൂടി**

ശബരിമല: കൃത്യസമയത്ത് ചികിത്സ ഉറപ്പാക്കാനായതുകൊ ് ഈ മണ്ഡലകാലത്ത് സന്നിധാനത്തെ ആരോഗ്യവകുപ്പിന്റെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രിയിലൂടെ രക്ഷിക്കാനായത് 851 അയ്യപ്പന്മാരുടെ ജീവനുകൾ. അതേസമയം അതീവ ഗുരുതരനിലയിൽ സന്നിധാനത്തെ ആശുപത്രിയിലെത്തിയ 875 ഭക്തരിൽ 24 പേർക്ക് ജീവൻ നഷ്ടവുമായി.
സന്നിധാനത്തെ ആശുപത്രിയിൽ ഈ സീസണിൽ ഇന്നലെ (ഡിസംബർ 25)

ഉച്ചവരെ 44,484 ഭക്തരാണ് ചികിത്സക്കെത്തിയത്. ശരീരവേദന, ഹൃദയസംബന്ധമായ അസുഖങ്ങൾ, അപസ്മാരം, പനി തുടങ്ങിയ രോഗങ്ങൾക്കാണ് ഭൂരിഭാഗവും ചികിത്സ തേടിയത്.

ജീവൻ നഷ്ടമായവരിൽ മിക്കവരും ഹൃദയസംബന്ധമായ അസുഖങ്ങൾ ഉള്ളവരോ തുടർച്ചയായി മരുന്നുകഴിക്കാൻ ഡോക്ടർമാർ ശുപാർശ ചെയ്തവരോ ആണെന്ന് മെഡിക്കൽ നോഡൽ ഓഫീസർ ഡോ. ഇ. പ്രഷോദ് പറഞ്ഞു. വേ ത്ര വിശ്രമമില്ലാതെയുള്ള മലകയറ്റവും ജീവൻ നഷ്ടമാക്കാൻ ഇടയാക്കിയിട്ടു ന്നും ഡോ. പ്രഷോദ് പറഞ്ഞു.

പമ്പയിൽനിന്ന് മല കയറുന്ന അയ്യപ്പന്മാർക്ക് അടിയന്തര വൈദ്യസഹായത്തിനായി 15 എമർജൻസി മെഡിക്കൽ സെന്ററുകൾ (ഇ.എം.സി) ആരോഗ്യവകുപ്പ് ഒരുക്കിയിട്ടു ്. മകരവിളക്കു പ്രമാണിച്ച് ജനുവരി ഒന്നുമുതൽ കരിമലയിൽ ഒരു ഡിസ്പെൻസറി കൂടി പ്രവർത്തനമാരംഭിക്കും.

നിലവിൽ പമ്പ, നീലിമല, അപ്പാച്ചിമേട്, ചരൽമല, മരക്കൂട്ടം, വാവർനട, പാ ്ിത്താവളം, സന്നിധാനം എന്നിവിടങ്ങളിലെ ഇ.എം.സിയിലൂടെ ഭക്തർക്ക് വൈദ്യസഹായം നൽകിവരുന്നു ്. ഇവിടങ്ങളിലെത്തുന്ന രോഗികളിൽ ഗുരുതരപ്രശ്നമുള്ളവരെ സന്നിധാനത്തെ ആശുപത്രിയിലേക്ക് എത്തിക്കാനുള്ള സൗകര്യമു ്. അവിടെനിന്നു പ്രാഥമിക ചികിത്സ നൽകി പമ്പയിലേക്കും തുടർന്നു പത്തനംതിട്ട ജനറൽ ആശുപത്രിയിലേക്കും കൊ ുപോകും. ഇതിനായി ദേവസ്വം ബോർഡിന്റെ ആംബുലൻസ് സേവനം മുഴുവൻ സമയവും ലഭ്യമാണ്.

കാർഡിയോളജി, ജനറൽ മെഡിസിൻ, അനസ്തീഷ്യ, സർജറി, ഓർത്തോപീഡിക്സ്, ഇ.എൻ.ടി എന്നിങ്ങനെ സ്പെഷലിസ്റ്റ് ഡോക്ടർമാർ ഉൾപ്പെടെ 10 ഡോക്ടർമാർ, എട്ട് നഴ്സുമാർ, നാല് നഴ്സിങ് അസിസ്റ്റന്റുമാർ, ഏഴ് അറ്റൻഡർമാർ, അഞ്ച് ഫാർമസിസ്റ്റുകൾ, ര ് ലാബ് ടെക്നീഷ്യൻമാർ എന്നിവരുടെ സേവനം മുഴുവൻ സമയവും സന്നിധാനത്തെ ആശുപത്രിയിൽ ലഭ്യമാണ്.

***ഫോട്ടോക്യാപ്ഷൻ: ശബരിമല സന്നിധാനത്തെ ആരോഗ്യവകുപ്പിന്റെ മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി.***

(പി.ആർ. ശബരി- 194)

# തങ്ക അങ്കി ഘോഷയാത്ര ഇന്ന് വൈകിട്ട് സന്നിധാനത്ത്

***മണ്ഡലപൂജ നാളെ (ഡിസംബർ 27)**

ശബരിമല: കലിയുഗവരദന് ചാർത്താനുള്ള തങ്ക അങ്കി പേടകവും വഹിച്ചുള്ള ഘോഷയാത്ര ഇന്ന് (ഡിസംബർ 26) വൈകിട്ട് സന്നിധാനത്ത് എത്തും. വൈകിട്ട് 5.30ന് ശരംകുത്തിയിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ നേതൃത്വത്തിൽ ഘോഷയാത്രയെ ആചാരപൂർവം സ്വീകരിച്ച് ക്ഷേത്രത്തിലേക്ക് ആനയിക്കും.
ദേവസ്വം മന്ത്രി കെ. രാധാകൃഷ്ണൻ, ദേവസ്വം ബോർഡ് പ്രസിഡന്റ് അഡ്വ. കെ. അനന്തഗോപൻ. ദേവസ്വം ബോർഡ് അംഗം അഡ്വ. എസ്.എസ്. ജീവൻ, ദേവസ്വം കമ്മീഷണർ ബി.എസ്. പ്രകാശ്, ശബരിമല സ്പെഷ്യൽ കമ്മീഷണർ എം. മനോജ് തുടങ്ങിയവർ ചേർന്ന് പതിനെട്ടാം പടിക്ക് മുകളിലായി കൊടിമരത്തിന് മുന്നിൽ വച്ച് ഘോഷയാത്രയായി കൊ ുവരുന്ന തങ്ക അങ്കിയെ സ്വീകരിച്ച് സോപാനത്തിലേക്ക് ആനയിക്കും. തുടർന്ന് തങ്ക അങ്കി സോപാനത്തിൽ വച്ച് തന്ത്രിയും മേൽശാന്തിയും ചേർന്ന് ഏറ്റുവാങ്ങി ശ്രീകോവിലിന് ഉള്ളിലേക്ക് കൊ ു പോകും. ശേഷം 6.35ന് തങ്ക അങ്കി ചാർത്തിയുള്ള മഹാ ദീപാരാധന നടക്കും. പിന്നീട് ഭക്തർക്ക് തങ്ക അങ്കി വിഭൂഷിതനായ അയ്യപ്പസ്വാമിയെ ദർശിക്കാം. 26ന് രാത്രി 9.30 ന് അത്താഴപൂജ. രാത്രി 11.20ന് ഹരിവരാസനം പാടി 11.30 ന് ക്ഷേത്ര നട അടയ്ക്കും. ഡിസംബർ 27ന് പുലർച്ചെ മൂന്നിന് നട തുറക്കും. തുടർന്ന് അഭിഷേകവും പതിവ് പൂജയും നടക്കും. ഡിസംബർ 27ന് ഉച്ചക്ക് 12.30 നും ഒരു മണിക്കും മധ്യേയുള്ള മുഹൂർത്തത്തിലാണ് തങ്ക അങ്കി ചാർത്തിയുള്ള മണ്ഡലപൂജ നടക്കുക. മണ്ഡലപൂജ കഴിഞ്ഞ് നടയടച്ചാൽ വൈകുന്നേരം വീ ും നടതുറക്കും. ഡിസംബർ 27ന് രാത്രി ഹരിവരാസനം പാടി അടയ്ക്കുന്ന നട മകരവിളക്ക് ഉത്സവത്തിനായി ഡിസംബർ 30 ന് വൈകുന്നേരം അഞ്ചിന് തുറക്കും.

(പി.ആർ. ശബരി- 195)

## ശബരിമലയിലെ ഇന്നത്തെ ചടങ്ങുകൾ (26.12.2022)

………

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ
3 ന്…. നട തുറക്കൽ.. നിർമ്മാല്യം
3.05 ന് ….അഭിഷേകം
3.30 ന് …ഗണപതി ഹോമം
3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 12.15 വരെയും നെയ്യഭിഷേകം
6 മണിക്ക് അഷ്ടാഭിഷേകം ആരംഭിക്കും.
7.30 ന് ഉഷപൂജ
12.30. ന് ..25 കലശാഭിഷേകം
12.45 ന് കളഭാഭിഷേകം
1 മണിക്ക്……ഉച്ചപൂജ
1.30 ന് ക്ഷേത്രനട അടയ്ക്കൽ
വൈകുന്നേരം 5 മണിക്ക് ക്ഷേത്രനട തുറക്കും
5.30 ന് ശരംകുത്തിയിൽ തങ്കയങ്കി ഘോഷയാത്രക്ക് വരവേൽപ്പ്
6.35ന്… തങ്കയങ്കി ചാർത്തിയുള്ള
മഹാദീപാരാധന
9.30 മണിക്ക് …അത്താഴപൂജ
11.20ന് ഹരിവരാസനം സങ്കീർത്തനം പാടി 11.30 ന് ശ്രീകോവിൽ നട അടയ്ക്കും.

വാർത്തകൾ
ഇനി കാണാം…
കേൾക്കാം…
വായിക്കാം…
PRD LIVE
PRD LIVE
ഒരു മൊബൈൽ ആപ്ലിക്കേഷനാണ്.
ആൻഡ്രോയിഡ് വേർഷനിലുള്ള
എല്ലാ സ്മാർട്ട് ഫോണിലും PRD LIVE ലഭ്യമാകും.
പ്ലേ സ്റ്റോറിൽ നിന്നും PRD LIVE
ഡൗൺലോഡ് ചെയ്യാം.